# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1818, 17.03.2015 ൽ മറുപടിക്ക്

### 'പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ'

| ചോദ്യം<br>ശ്രീ.ടി.വി.രാജേഷ് | | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | ഈ സർക്കാർ ഏതൊക്കെ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ? | ഈ സർക്കാർ ചുവടെയുളള വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>1. 26.03.2012 ലെ സ.ഉ(അ) നം.183/12/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം 56 വയസ്സായി ഉയർത്തിയിട്ടുണ്ട്.<br>വിരമിക്കൽ പ്രായം 56 വയസ്സായി സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓരോ വകുപ്പും അവരുടെ കീഴിലുളള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനായി നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യാനുസരണം ഭേദഗതികൾ വരുത്തേണ്ടതാണെന്ന് 10.10.2012 ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.<br><br>2. 24.02.2014 ലെ സ.ഉ(കൈ) 18/14/മഠുവ നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന വകുപ്പിന് കീഴിലുളള അഡാക്കിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്. 18.6.11 ലെ സ.ഉ.നം.62/11/മഠുവ പ്രകാരം കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 3 | മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| | | 4 | തൊഴിൽ വകുപ്പിന് കീഴിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ വർക്കർമാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| | | 5 | 30.06.2012 ലെ സ.ഉ(കൈ) 167/2012/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കിറ്റ്സിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>16.01.2012 ലെ സ.ഉ(കൈ) 13/2012/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| | | 6 | 30.03.2012 ലെ സ. ഉ (കൈ) നം.105/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| | | 7 | 07.04.2012 ലെ സ. ഉ (കൈ) നം.107/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം ആയുർവേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| | | 8 | 09.04.2012 ലെ സ.ഉ (കൈ)നം.108/ 2012/എച്ച്&എഫ്.ഡബ്ല്യു.ഡി പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| | | 9 | 26.02.2014 ലെ സ. ഉ (കൈ) നം.31/ 2014/തൊഴിൽ പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസായി വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| | | 10 | 27.06.2014 ലെ സ. ഉ (കൈ) നം.74/2014/തൊഴിൽ പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു. |
| | | 11 | 04.01.2014 ലെ സ.ഉ (കൈ) നം.8/2014/ആ.കു.വ പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 12 | 30.04.2014 ലെ സ.ഉ (കൈ) നം.131/2014/ആ.കു.വ പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 13 | 30.05.2014 ലെ സ.ഉ (കൈ) നം.160/2014/ആ.കു.വ പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 14 | 28.07.2012 ലെ സ.ഉ (കൈ) നം.134/2012/റ്റി.ഡി പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |
| | | 15 | 31.10.2014 ലെ സ.ഉ(അ)നം.469/2014/ധന പ്രകാരം 01.04.2013 നോ അതിനു ശേഷമോ ജോലിയിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**